ഉത്തരം

(എ) *ഉത്തരം അനുബന്ധമായി കൊടുത്തിട്ടുണ്ട്.

(ബി) കോഴിവളർത്തൽ കേന്ദ്രങ്ങളും വ്യവസായടിസ്ഥാനത്തിൽ നടത്തുന്നില്ല. അതിനാൽ ലാഭനഷ്ടങ്ങളും തിട്ടപ്പെടുത്താനാവില്ല. കർഷകർക്ക് കോഴിമുട്ട, കോഴിക്കുഞ്ഞുങ്ങളും എന്നിവ ചുരുങ്ങിയ വിലയ്ക്കു നൽകുവാണ് ഈ കോഴിവളർത്തൽ കേന്ദ്രങ്ങളും പ്രവർത്തിക്കുന്നത്. അതിനു വേണ്ടിവരുന്ന അധികച്ചെലവ് നഷ്ടമായികണക്കാക്കുന്നതു ശരിയല്ല.

(സി) തൽക്കാലം ഉദ്ദേശമില്ല.

എണ്ണപ്പന കൃഷി

1082 [1727] ശ്രീ. പി. കെ. ചാത്തൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ആകെ എത്ര ഹെക്ടർ സ്ഥലത്ത് എണ്ണപ്പന കൃഷി വ്യാപിപ്പിക്കുവാൻ കഴിയുമെന്നാണ് കണക്കാക്കിയിട്ടുള്ളത് ;

(ബി) സംസ്ഥാനത്തുള്ള എണ്ണപ്പനയിൽ നിന്ന് എണ്ണ ലഭ്യമാകാറായോ? ഇല്ലെങ്കിൽ എന്നേക്കാവുമെന്നാണ് കരുതുന്നത് ;

(സി) എണ്ണയെടുക്കുന്നതിനുള്ള ഫാക്ടറി സൗകര്യങ്ങളും ഉണ്ടാക്കിയിട്ടുണ്ടോ?

ഉത്തരം

(എ) ഓയിൽ പാം ഇന്ത്യാ ലിമിറ്റഡ് കമ്പനിയുടെ കീഴിൽ ആകെ 6000 ഹെക്ടർ സ്ഥലത്ത് എണ്ണപ്പന കൃഷി ചെയ്യാനാണ് ഉദ്ദേശിക്കുന്നത്.

(ബി) കഴിഞ്ഞ മൂന്നു വർഷമായി എണ്ണ ലഭിച്ചുതുടങ്ങിയിട്ടുണ്ട്.

(സി) ഉല്പാദനം കൂടുന്നതനുസരിച്ച് ഫാക്ടറി സൗകര്യം ഉണ്ടാക്കുന്നതിനുവേണ്ട നടപടികളും എടുത്തുവരുന്നു.

കെ എൽ. ഡി. ആർ എം. എം. ബോർഡിന്റെ കീഴിലുള്ള ഡയറികൾ

1083 [1728] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എൽ. ഡി. ആർ എം. എം. ബോർഡിന്റെ കീഴിലുള്ള ഡയറികൾ വഴി ശരാശരി ഒരു ദിവസം എത്ര ലിറ്റർ പാൽ വിതരണം ചെയ്യുന്നുണ്ട്;

(ബി) കേരളത്തിൽ നിന്നും തമിഴ് നാട്ടിലേക്ക് കഴിഞ്ഞ വർഷം എത്ര ലിറ്റർ പാൽ കയറ്റി അയച്ചിട്ടുണ്ട്? തൻമൂലം ബോർഡിന് വന്നിട്ടുള്ള നഷ്ടം എത്രയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കെ. എൽ. ഡി. ആർ എം. എം. ബോർഡിന്റെ കീഴിലുള്ള ഡയറികൾ വഴി ഇപ്പോൾ ഒരു ദിവസം ശരാശരി 46,900 ലിറ്റർ പാൽ വിതരണം ചെയ്യുന്നുണ്ട്.

*അനുബന്ധം VI

LIBRARY ARCHIVES Kerala Legislative Assembly

(ബി) കേരളത്തിൽ നിന്നും തമിഴ് നാട്ടിലേക്ക് ബോർഡ് കഴിഞ്ഞ വർഷം 395.274 ലിറ്റർ പാൽ കയറ്റി അയച്ചിട്ടുണ്ട്. ഈ ഇനത്തിൽ ബോർഡിന് വന്നിട്ടുള്ള നഷ്ടം 1.71 ലക്ഷം രൂപയാണ്.

കോളിയാട്ട് എസ്റ്റേറ്റുടമയ്ക്ക് ഗവൺമെന്റ് ജാമ്യത്തിൽ എ. ആർ. സി-യിൽ നിന്നും കൊടുത്ത തുക

1084 [1729] ശ്രീ. കെ. ടി. കുമാരൻ

,, എ. എൻ. യൂസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂട്ടിയിട്ട കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ് കോളിയാട്ട് എസ്റ്റേറ്റിന് ഉടമയ്ക്ക് ഗവൺമെന്റ് ജാമ്യത്തിൽ എ. ആർ. സിയിൽ നിന്നും എത്ര ലക്ഷം രൂപ കൊടുത്തു;

(ബി) ഈ സംഖ്യ എസ്റ്റേറ്റിന് ഉടമ തിരിച്ചു കൊടുത്തുവോ;

(സി) വായ്പാ സംഖ്യ എസ്റ്റേറ്റിന് ഉടമ കൊടുക്കാത്തതുകൊണ്ട് ആ സംഖ്യ ഗവൺമെന്റുതന്നെ കൊടുക്കേണ്ടതായിവന്നു എന്നുള്ളത് ശരിയാണോ;

(ഡി) എങ്കിൽ ഗവൺമെന്റ് എസ്റ്റേറ്റ് ഏറ്റെടുക്കുന്നതിന് വല്ല നടപടിയും സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) കോളിയാട്ട് എസ്റ്റേറ്റിന് ഉടമ ശ്രീ. എ. ആർ. രാമവർമ്മ രാജായ്ക്ക് എ. ആർ. സി-യിൽ നിന്നും ഗവൺമെന്റ് ജാമ്യത്തിൽ 39.95 ലക്ഷം രൂപ കൊടുത്തു.

(ബി) ഇല്ല.

(സി) ശരിയാണ്.

(ഡി) എസ്റ്റേറ്റിന് ഏറ്റെടുക്കുന്നതിന് വേണ്ട നടപടികളും ഗവൺമെന്റ് സ്വീകരിച്ചുകഴിഞ്ഞു. എന്നാൽ ഗവൺമെന്റിന്റെ ഈ നീക്കത്തിനെതിരായി എസ്റ്റേറ്റിന് ഉടമ തലശ്ശേരി സബ് കോടതിയിൽ O. S. 229/78 നമ്പരിൽ ഒരു കേസ് ഫയൽ ചെയ്തിരിക്കുകയാണ്. കേസ് നടന്നുകൊണ്ടിരിക്കുന്നു.

അഗ്രികൾച്ചറൽ ഡമോൺസ്ട്രേറ്റർമാർ

1085 [1731] ശ്രീ. എം. വി. രാജൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ കൃഷി ഡിപ്പാർട്ടുമെന്റിൽ ആകെ എത്ര അഗ്രികൾച്ചറൽ ഡെമോൺസ്ട്രേറ്റർമാരുണ്ട്; അവരുടെ ഗ്രേഡ് തിരിച്ചുള്ള എണ്ണം എത്ര;

(ബി) ജൂനിയർ അഗ്രികൾച്ചറൽ ആഫീസർ മുതൽ അഡീഷണൽ ഡയറക്ടർ വരെയുള്ള സൂപ്പർവൈസറി ഓഫീസർമാർ എത്ര? ഓരോ ഗ്രേഡിലും എത്ര പേർ വീതം;

(സി) മലബാർ ഭാഗങ്ങളിലെ അഗ്രികൾച്ചറൽ ഡെമോൺസ്ട്രേറ്റർമാരുടെ ഒഴിവുകൾ നികത്തുന്നതിനുവേണ്ട സത്വര നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly